# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1385 — 06.03.2018-ൽ മറുപടിയ്ക്ക്.

## 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് പുതിയ റോഡ്

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് പുതിയ റോഡ്, നടപ്പാത എന്നിവയുടെ നിർമ്മാണം ഏറ്റെടുക്കാൻ കഴിയില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 2017-18 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് പുതിയ നടപ്പാതകളുടെ നിർമ്മാണത്തിനും റോഡുകളുടേയും നടപാതകളുടെയും സംരക്ഷണത്തിനുമാണ് അനുമതി ഉണ്ടായിരുന്നത്. |

| | | | |
|---|---|---|---|
| (ബി) | തൻമൂലം ഗ്രാമപഞ്ചായത്തുകൾ പുതിയ റോഡുകളുടെയും, നടപ്പാതകളുടെയും നിർമ്മാണത്തിന് പ്രയാസപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി മെയിന്റനൻസിന് മാത്രമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് പരിമിതപ്പെടുത്താൻ ഉണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ; | (സി) & (ഡി) | 2016-17 ലെ മാർഗ്ഗരേഖയിലും ഇതേ രീതിയിലുള്ള നിർദ്ദേശം തന്നെയാണ് നൽകിയിരുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന വികസനഫണ്ടിന്റെ 30 ശതമാനം തുക പുതിയ റോഡ് നിർമ്മാണം ഉൾപ്പടെയുള്ള പശ്ചാത്തലസൗകര്യ വികസനത്തിന് ഉപയോഗിക്കാവുന്നതാണ്. |
| (ഡി) | ഇത്തരത്തിലുള്ള നടപടിമൂലം ഗ്രാമപഞ്ചായത്തുകൾക്ക് പുതിയ റോഡുകൾ ഏറ്റെടുക്കാൻ സാധിക്കാത്തതിന് പകരമായി പ്രത്യേക ഫണ്ടുകളോ, ഗ്രാന്റോ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ